## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 391 — 2/12/2014-ൽ മറുപടിക്ക്

# കാസർഗോഡ് മൈലാട്ടി ഡീസൽ പവർ പ്ലാന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ ഉദുമ. | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന്റെ മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ് അടച്ചു പൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(ബി) പവർ കോർപ്പറേഷൻ ലിമിറ്റഡുമായി വൈദ്യുതി ബോർഡിനുള്ള കരാർ റദ്ദാക്കിയതിനുശേഷം ഈ പ്ലാന്റും ഇത് സ്ഥിതി ചെയ്യുന്ന സ്ഥലവും എന്ത് ചെയ്യാനാണ് ബോർഡ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ)യും (ബി)യും<br>കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന്റെ മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനുവേണ്ടി കേരള സംസ്ഥാന വൈദ്യുതി ബോർഡ് 12.08.1998-ൽ കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടു. ടി കരാറിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെയും കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന്റെയും ബാധ്യതകളും ഉത്തരവാദിത്വങ്ങളും താരിഫ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിഷ്കർഷിക്കുന്നു. ടി കരാറിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ടി നിലയത്തിൽ നിന്നുള്ള വൈദ്യുതി വാങ്ങുന്നത്. ടി നിലയത്തിൽ വിലകൂടിയ ഇന്ധനമായ LSHS ഉപയോഗിക്കുന്നതിനാൽ ടി നിലയത്തിൽ നിന്നുള്ള വൈദ്യുതിയ്ക്ക് ഇന്ധനവില മാത്രം ഒരു യൂണിറ്റിന് ഇപ്പോൾ 12 രൂപ 74 പൈസയാണ്. ടി കാരണത്താൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി നിലനിന്നിരുന്ന 2011-12 വർഷം ഉൾപ്പെടെ, കഴിഞ്ഞ വർഷങ്ങളിൽ ടി നിലയത്തിൽ നിന്ന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി വാങ്ങിയിരുന്നില്ല. എന്നിരുന്നാലും കരാർപ്രകാര മുള്ള പ്രതിമാസ ഫിക്സഡ് ചാർജ്ജ് കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന് നൽകി വരുന്നു.<br><br>കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡുമായി കേരള സംസ്ഥാന വൈദ്യുതി ബോർഡി |

നുള്ള കരാർ 2016 മെയ് മാസത്തിൽ തീരുക യാണ്.

മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ് പൂർണ്ണമായും കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുമാണ്. ഈ കരാറിന്റെ വ്യവസ്ഥയനുസരിച്ച് കരാർ തീരുന്ന മുറയ്ക്ക് കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന് പ്ലാന്റും അനുബന്ധ സാമഗ്രികളും കരാറിൽ നിഷ്കർഷിക്കുന്ന മുറയ്ക്ക് വിൽക്കാവുന്നതാണ്.

എന്നാൽ പ്രസ്തുത ഡീസൽ പവർ പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലം ബോർഡിന്റെ ഉടമസ്ഥതയിലുള്ളതാണ്. കരാർ തീരുന്ന മുറയ്ക്ക് മാത്രമെ ഇതു സ്ഥിതി ചെയ്യുന്ന സ്ഥലം എന്തു ചെയ്യണമെന്നുള്ള തീരുമാനം വൈദ്യുതി ബോർഡ് എടുക്കുകയുള്ളൂ.

| | |
|---|---|
| (സി) വർഷങ്ങളായി ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടി വൈദ്യുതി ബോർഡിന്റെ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (സി) കരാർ പ്രകാരം കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ യാതൊരു ബാധ്യതകളും ബോർഡോ, ഗവൺമെന്റോ ഏറ്റെടുക്കുന്നതിന് കരാറിൽ യാതൊരു വ്യവസ്ഥയുമില്ല. |

**സെക്ഷൻ ഓഫീസർ**